**തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ (റൂറൽ ) ൻെറ നടപടിക്രമം**

**(ഹാജർ : Dr. Dinesan Cheruvat IAS)**

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -ജീവനക്കാര്യം- കോഴിക്കോട് ജില്ലാ എമ്പവർമെന്റ് ഓഫീസർ തസ്തികയിൽ സ്ഥലംമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

–

പരാമർശം:

1) 12,09,204, 01/10/2024 തീയതികളിലെ കോഴിക്കോട് ജില്ല ജോയിന്റ് ഡയറക്ടറുടെ LSGD/JD/KKD/7166/2024-A6 നമ്പർ കത്തുകൾ

2) പ്രിൻസിപ്പൽ ഡയറക്ടറുടെ 26.9.2024 തീയതിയിലെ LSGD/PD/21951/2024 നമ്പർ ഉത്തരവ്.

3) 27.11.2024 തീയതിയിലെ കണ്ണൂർ ജില്ല ജോയിന്റ് ഡയറക്ടറുടെ LSGD/JD/Kkd/7551/2024-D1 നമ്പർ കത്ത്

4) ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM) 1327/2024 നമ്പർ ഹർജിയിന്മേലുള്ള 8.10.2024 തീയതിയിലെ വിധിന്യായം

**ഉത്തരവ് നമ്പർ LSGD/PD/2649/2024-DEA3 തീയതി: 06-01-2025**

തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ റൂൾ പ്രകാരം ജില്ലാ എമ്പവർമെന്റ് ഓഫീസർ തസ്തികയിൽ നിയമിക്കേണ്ടത് സീനിയർ ആയിട്ടുള്ള ഹയർ ഗ്രേഡ് വനിതാ സെക്രട്ടറിമാരെയാണ്. എന്നാൽ സീനിയർ സെക്രട്ടറി തസ്തികയിൽ ഹയർ ഗ്രേഡ് ലഭിയ്ക്കാത്ത ശ്രീമതി നിഷ.എൻ.തയ്യിലിനെ കോഴിക്കോട് ജില്ല ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ജില്ലാ എമ്പവർമെന്റ് ഓഫീസർ തസ്തികയിൽ നിയമിച്ചതിനെതിരെ കുന്നമംഗലം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി ഇന്ദു. എ പരാമർശം (1) പ്രകാരം ആക്ഷേപം ഉന്നയിക്കുകയുണ്ടായി . ശ്രീമതി നിഷ.എൻ.തയ്യിൽ സീനിയർ സെക്രട്ടറി അല്ലാത്തതിനാൽ പരാമർശം (2) ഉത്തരവ് പ്രകാരം ശ്രീമതി നിഷ എൻ തയ്യിലിന് ഒഞ്ചിയം ഗ്രാമ പഞ്ചായത്തിലേക്ക് സ്ഥലം മാറ്റം നൽകിയിരുന്നു. പകരം ശ്രീമതി ഇന്ദു.എ യെ നിയമിക്കാത്തതിനെതിരെ ടിയാൾ OA(EKM) 1327/2024 നമ്പർ ഹർജി ഫയൽ ചെയ്യുകയും ടി ഹർജിയിന്മേൽ 8/10/2024 തീയതിയിലെ ഉത്തരവിൽ ശ്രീമതി ഇന്ദു.എ യുടെ ഹർജിയിന്മേൽ ഉചിതമായ തീരുമാനം എടുക്കുന്നതിനും ഉത്തരവായിരുന്നു.

എന്നാൽ കണ്ണൂർ കോർപ്പറേഷനിൽ ജില്ലാ എമ്പവേർമെന്റ് ഓഫീസർ തസ്തികയിൽ (ഡിപ്ലോയ്മെൻറ്) സേവനമനുഷ്ടിക്കുന്ന ശ്രീമതി രജിത.കെ കോഴിക്കോട് ജില്ലയിലെ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ജില്ലാ എമ്പവേർമെന്റ് ഓഫീസർ തസ്തികയിൽ പൊതുസ്ഥലമാറ്റതിനായി അപേക്ഷ സമർപ്പിച്ചിരുന്നു എങ്കിലും കരട് സ്ഥലമാറ്റപട്ടികയിൽ കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ വന്ന ഒഴിവിലേക്ക് സാങ്കേതിക കാരണങ്ങളാൽ ടിയാരിയെ പരിഗണിച്ചിരുന്നില്ല. മേൽ ഒഴിവു നികത്താതെ നിലവിൽ വന്ന കരട് പട്ടികയ്ക്ക് മേൽ ആക്ഷേപം സമർപ്പിക്കുകയും സോഫ്റ്റ്‌വെയറിൽ വന്ന പിഴവ് അന്തിമ സ്ഥലമാറ്റപട്ടികയിൽ പരിഹരിക്കണമെന്ന് പ്രസ്തുത ആക്ഷേപത്തിന്മേൽ ഉത്തരവാകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സോഫ്റ്റ്‌വെയറിലെ പിഴവ് പരിഹരിക്കുകയും കോഴിക്കോട് ജില്ലയിലേക്കുള്ള ക്യൂ ലിസ്റ്റിൽ ക്രമ നമ്പർ 4 ആയും, വനിതകളിൽ ഒന്നാമതായും ശ്രീമതി രജിത.കെ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. ശ്രീമതി രജിത.കെ-യെ പ്രസ്തുത ഒഴിവിലേക്ക് പരിഗണിക്കുന്നതിനു പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ അന്തിമ സ്ഥലം മാറ്റ പട്ടികയ്ക്കുമേൽ ശ്രീമതി രജിത.കെ സമർപ്പിച്ച അക്ഷേപത്തിന്മേൽ ടിയാളുടെ ഓപ്ഷൻ പ്രകാരം നിയമനം

നൽകുന്നതിനു സർക്കാരിൽ നിന്നും ഉത്തരവായിട്ടുണ്ട്.

ശ്രീമതി രജിത.കെ കോർപ്പറേഷനിൽ ജില്ലാ എൻവയോൺമെന്റ് ഓഫീസർ തസ്തികയിൽ നിർബന്ധിതമായി പുനർവിന്യസിക്കപ്പെട്ട ജീവനക്കാരിയാണ്. 16/03/2024 ലെ സ.ഉ.(കൈ)നം.46/2024/LSGD നമ്പർ സർക്കാർ ഉത്തരവിലെ ഖണ്ഡിക (Q) പ്രകാരം ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ജോലി ചെയ്തു വരവേ പുനർവിന്യസിക്കപ്പെട്ട ജീവനക്കാരൻ മറ്റു സ്റ്റേഷനുകളിലേക്ക് സ്ഥലം മാറ്റത്തിന് അപേക്ഷിക്കുന്ന പക്ഷം ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ജോലി ചെയ്ത കാലയളവ് കൂടി സ്റ്റേഷൻ സീനിയോറിറ്റി, ഇൻസ്റ്റേഷൻ സീനിയോറിറ്റി, ഔട്ട് സ്റ്റേഷൻ സീനിയോറിറ്റി എന്നിവ നിശ്ചയിക്കുന്നതിന് കണക്കാക്കാവുന്നതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്. വകുപ്പിന്റെ ഏതെങ്കിലും ഓഫീസിൽ ലീൻ നിലനിർത്തി തദ്ദേശ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കപ്പെട്ട മറ്റു തസ്തികകൾക്കും ഈ വ്യവസ്ഥകൾ ബാധകമാണ് എന്ന വിവരം പരാമർശിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ക്യു ലിസ്റ്റ് പ്രകാരമുള്ള സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലും, പുനർവിന്യസിക്കപെട്ട ജീവനക്കാർക്കുള്ള മുൻഗണനയുടെ അടിസ്ഥാനത്തിലും ശ്രീമതി ഇന്ദു.എ-യെക്കാൾ സീനിയർ ആയിട്ടുള്ള കണ്ണൂർ കോർപ്പറേഷനിൽ ജില്ലാ എൻവയോൺമെന്റ് ഓഫീസർ തസ്തികയിൽ (ഡിപ്ലോയ്മെൻറ്) സേവനമനുഷ്ഠിക്കുന്ന ശ്രീമതി രജിത.കെ യെ കോഴിക്കോട് ജില്ലാ എൻവയോൺമെന്റ് ഓഫീസർ തസ്തികയിൽ സ്ഥലം മാറ്റം നൽകി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു .

ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാരും, അതാത് ഓഫീസ് മേധാവികളും ഈ ഉത്തരവ് ഉടനടി പ്രാബല്യത്തിൽ വരുത്തേണ്ടതും, വിടുതൽ, സേവനത്തിൽ പ്രവേശിക്കൽ എന്നിവ സമയബന്ധിതമായി ഈ കാര്യാലയത്തിലും ബന്ധപ്പെട്ട മറ്റു ഓഫീസുകളിലും അറിയിക്കേണ്ടതുമാണ്.

Signed by
Dinesan Cheruvat
Date: 06-01-2025 17:40:34

Dr. Dinesan Cheruvat IAS
DIRECTOR (RURAL)

പകർപ്പ്:

1. വ്യക്തിയ്ക്ക് (തദ്ദേശസ്വയംഭരണ വകുപ്പ്, കണ്ണൂർ ജില്ല ജോയിന്റ് ഡയറക്ടർ മുഖാന്തിരം
2. തദ്ദേശസ്വയംഭരണ വകുപ്പ് ജില്ല ജോയിന്റ് ഡയറക്ടര് കോഴിക്കോട് , കണ്ണൂർ.
3. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് (ജില്ല ജോയിന്റ് ഡയറ മുഖേന).
4. സൂപ്രണ്ട് DED സെക്ഷൻ വിവരാവകാശ നിയമം 2005 പ്രകാരം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി